"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വനം വന്യജീവി വകുപ്പ്-ജീവനക്കാര്യം-റേഞ്ച് ഫോറസ്റ്റ് ഓഫീസറായിരുന്ന ശ്രീ. വർഗ്ഗീസ് ഫിലിപ്പിന് കാലാവധി കഴിഞ്ഞ ബില്ലുകൾ മാറി നൽകുന്നതിന് അനുമതി നൽകി-ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വനം വന്യജീവി (എഫ്) വകുപ്പ്**

സ.ഉ.(സാധാ) നം.141/2023/F&WLD തീയതി, തിരുവനന്തപുരം, 28-03-2023.

---

പരാമർശം:- 1) വർക്കിംഗ് പ്ലാൻ & റിസർച്ച് ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ 03.11.2021, 12.01.2023 തീയതികളിലെ ഡബ്ല്യു.ഇ-182384/2021 നമ്പർ കത്തുകൾ.

2) ഭരണവിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ 12.04.2022 ലെ ഡബ്ല്യു.ഇ-182384/2021 നമ്പർ കത്ത്.

**ഉത്തരവ്**

വനം വന്യജീവി വകുപ്പിൽ പുനലൂർ വർക്കിംഗ് പ്ലാൻ ഓഫീസിൽ നിന്നും 31.05.2016 ന് റിട്ടയർ ചെയ്ത റേഞ്ച് ഫോറസ്റ്റ് ഓഫീസർ ശ്രീ. വർഗ്ഗീസ് ഫിലിപ്പിന്, ടിയാൻ കോടതിയിൽ ഹാജരാകുന്നതിനായി യാത്ര ചെയ്തതിന്റെ 01/2018, 02/2018, 03/2019 കാലയളവുകളിലെ ബില്ലുകൾ മാറി നൽകുന്നതിന് അനുമതി ആവശ്യപ്പെട്ട് പരാമർശം (1) പ്രകാരം വർക്കിംഗ് പ്ലാൻ & റിസർച്ച് ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ ശിപാർശ സമർപ്പിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം പരിശോധിക്കുകയുണ്ടായി. കെ.എസ്.ആർ ഭാഗം 2 ചട്ടം 5A പ്രകാരമുള്ള നിശ്ചിത സമയപരിധിക്കുള്ളിൽ നിയന്ത്രണാധികാരിക്കു മുന്നിൽ സമർ പ്പിക്കാത്തതിനാൽ 10.01.2018, 19.02.2018 എന്നീ തീയതികളിലെ ബില്ലുകൾ മാറുന്നതിന് അനുമതി നൽകാൻ കഴിയില്ല. കാലഹരണപ്പെട്ട ബിൽ മാറുന്നതിന് ആവശ്യമായ രേഖകൾ ഹാജരാക്കിയിട്ടുള്ളതിനാൽ , ബില്ലിന്റെ കൃത്യതയും ആധികാരികതയും ഭരണവിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ ഉറപ്പ് വരുത്തണം എന്ന നിബന്ധനയിൽ, 22.03.2019 ലെ യാത്രാബത്ത ബിൽ മാറുവാൻ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സീത എസ് ലക്ഷ്മി
അണ്ടർ സെക്രട്ടറി.

അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം), തിരുവനന്തപുരം (ബില്ലുകളുടെ യഥാർത്ഥ പ്രതികൾ സഹിതം).

ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ(വർക്കിംഗ് പ്ലാൻ & റിസർച്ച്), തിരുവനന്തപുരം.

ശ്രീ. വർഗ്ഗീസ് ഫിലിപ്പ്, റേഞ്ച് ഫോറസ്റ്റ് ഓഫീസർ (റിട്ട), (അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം) മുഖേന).
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ &ഇ ), കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്(സി2/101/2021-ധന തീയതി 20/03.2023 പ്രകാരം).
വെബ് & ന്യൂ മീഡിയ.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Noushad S
സെക്ഷൻ ഓഫീസർ
Date: 28-03-2023 12:57:34